കേരള സർക്കാർ

നം.72484/ഡിഎ1/2012/തസ്വഭവ

തദ്ദേശസ്വയംഭരണ(ഡിഎ)വകുപ്പ്
തിരുവനന്തപുരം , തീയതി 10.12.2012.

## സർക്കുലർ

വിഷയം:-12-ാം പഞ്ചവൽസര പദ്ധതി - നിർവ്വഹണ ഉദ്യോഗസ്ഥർ, പ്രോജക്ടുകൾക്ക് അംഗീകാരം നൽകുന്ന ഉദ്യോഗസ്ഥർ എന്നിവരെ സംബന്ധിച്ച സ്പഷ്ടീകരണം. -

സൂചന: 1) സ.ഉ.(എം.എസ്) നമ്പർ 225/12 തസ്വഭവ തീയതി 18/8/2012
2) സ.ഉ.(എം.എസ്) നമ്പർ 243/12 തസ്വഭവ തീയതി 24/9/2012
3) സ.ഉ.(എം.എസ്) നമ്പർ 277/12 തസ്വഭവ തീയതി 30/10/2012
4) സർക്കുലർ നമ്പർ 67212/ഡിഎ1/12 തസ്വഭവ തീയതി17/11/2012

സൂചന ഒന്നിലെ സർക്കാർ ഉത്തരവിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ കൺവീനർമാർ ആരൊക്കെയാണെന്ന് അനുബന്ധം 3(1), 3(2) എന്നിവയിൽ പ്രതിപാദിച്ചിരിക്കുന്നു. എന്നാൽ വർക്കിംഗ് ഗ്രൂപ്പു കൺവീനർമാർ തന്നെയാണോ നിർവ്വഹണ ഉദ്യോഗസ്ഥർ എന്നുള്ള സംശയവും, നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ടുകൾ പരിശോധിച്ച് അംഗീകാരം നൽകേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥരുടെ മേലുദ്യോഗസ്ഥരോ, വിഷയമേഖല ഉദ്യോഗസ്ഥരോ ആണെന്നുള്ള സംശയവും വിവിധ തലങ്ങളിൽ നിന്നും ലഭിച്ചു കൊണ്ടിരിക്കുന്നു. ആയതിന് താഴെ പറയുന്ന പ്രകാരം സ്പഷ്ടീകരണം പുറപ്പെടുവിക്കുന്നു.

### നിർവ്വഹണ ഉദ്യോഗസ്ഥർ

വർക്കിംഗ് ഗ്രൂപ്പു കൺവീനർമാർ തന്നെ നിർവ്വഹണ ഉദ്യോഗസ്ഥർ ആയിരിക്കണമെന്നില്ല. കൺവീനർമാർ നിർവ്വഹണ ഉദ്യോഗസ്ഥനാകുന്ന സാഹചര്യവും അല്ലാത്ത സാഹചര്യവും ഉണ്ടാകാം.

ഉദാ:വൈദ്യുതി സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ എൻജിനിയറാണെങ്കിലും തെരുവ് വിളക്കുകൾ സംബന്ധിച്ച പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ സെക്രട്ടറിയായിരിക്കും.

എന്നാൽ വീടുകളുടെ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് സബ്സിഡി നൽകുന്ന സംഗതികളിൽ വി.ഇ.ഒ നെ നിർവ്വഹണ ഉദ്യോഗസ്ഥനായും നിശ്ചയിക്കാവുന്നതാണ്. സാങ്കേതിക പരിജ്ഞാനം ആവശ്യമില്ലാത്ത ലഘുവായ പ്രോജക്ടുകളുടെ സംഗതികളിൽ ഓരോ പ്രോജക്ടിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥനെ ഭരണസമിതിയാണ് നിശ്ചയിക്കേണ്ടത്.

## പ്രോജക്ടുകളുടെ പരിശോധനയും അംഗീകാരവും

ഓരോ നിർവ്വഹണ ഉദ്യോഗസ്ഥന്റെയും പ്രോജക്ടുകൾ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മേലുദ്യോഗസ്ഥനോ അതോ വിഷയമേഖല മേലുദ്യോഗസ്ഥനോ പരിശോധിച്ച് അംഗീകാരം നൽകേണ്ടതെന്ന് തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടത് ജില്ലാ കളക്ടറാണ്. അതുകൊണ്ട് പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥർ, വിഷയമേഖല ഉദ്യോഗസ്ഥർ തന്നെ പരിശോധിച്ച് അംഗീകാരം നൽകണമെന്ന് ആവശ്യപ്പെടാവുന്നതല്ല. ജില്ലാ കളക്ടറുടെ ഉത്തരവ് പ്രകാരമുള്ള പരിശോധന ഉദ്യോഗസ്ഥർ നിർവ്വഹണ ഉദ്യോഗസ്ഥർ സമർപ്പിക്കുന്ന പ്രോജക്ടുകൾ പരിശോധിച്ച്അനുമതി നൽകേണ്ടതാണ്. അപൂർണ്ണമായ കാരണങ്ങളല്ലാതെ മടക്കുവാൻ പാടില്ലാത്തതാണ്. പ്രോജക്ട് പരിശോധന കഴിഞ്ഞ് അംഗീകാരം ലഭിക്കുന്നതിന് കാലതാമസം നേരിടുകയാണെങ്കിൽ ടി വിവരം ജില്ലാ കളക്ടറുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം
വി.എസ്.സെന്തിൽ
പ്രിൻസിപ്പൽ സെക്രട്ടറി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

1.എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും, സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും, സെക്രട്ടറിമാർക്കും
5. എല്ലാ മുൻസിപ്പൽ ചെയർപേഴ്സൺമാർക്കും , സെക്രട്ടറിമാർക്കും
6. എല്ലാ ജില്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
7. എല്ലാ ജില്ലാ കലക്ടർമാർക്കും ജില്ലാ ആസൂത്രണ സമിതി സെക്രട്ടറി മാർക്കും
8. സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
9. എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും ഗവൺമെന്റ് സെക്രട്ടറിമാർക്കും
10. മെമ്പർ സെക്രട്ടറി, സംസ്ഥാന പ്ളാനിംഗ് ബോർഡ്

11. പഞ്ചായത്ത് ഡയറക്ടർ
12. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
13. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
14. പൊതുവിദ്യാഭ്യാസ ഡയറക്ടർ
15. പട്ടികജാതി വികസന ഡയറക്ടർ
16. പട്ടികവർഗ്ഗ വികസന ഡയറക്ടർ
17. ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ
18. ഹെൽത്ത് സർവീസസ് ഡയറക്ടർ
19. പബ്ലിക് റിലേഷൻസ് ഡയറക്ടർ
20. മറ്റ് എല്ലാ വകുപ്പ് മേധാവികൾക്കും
21. മുഖ്യ നഗരാസൂത്രക
22. ഡയറക്ടർ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ.
23 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ.
24. എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഐ.കെ.എം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
25. എല്ലാ ജില്ലാ പ്ലാനിംഗ് ആഫീസർമാർക്കും
26. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
27. എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ)
28. കൺവീനർ, സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി (കാനറ ബാങ്ക്, തിരുവനന്തപുരം)
29. എല്ലാ കൺവീനർമാർക്കും ജില്ലാതല ബാങ്കേഴ്സ് കമ്മിറ്റികൾ
30. ഡയറക്ടർ ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
31. സ്റ്റേറ്റ് പെർഫോർമൻസ് ആഡിറ്റ് ഓഫീസർ.
32. ജനറൽ സെക്രട്ടറി, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
33. സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
34. സെക്രട്ടറി, മുൻസിപ്പൽ ചെയർപേഴ്സൻമാരുടെ ചേംബർ
35 സെക്രട്ടറി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംബർ
36. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
37. അക്കൗണ്ടന്റ് ജനറൽ (എആന്റ്ഇ) കേരള, തിരുവനന്തപുരം

പകർപ്പ്: മുഖ്യമന്ത്രിയുടെ സെക്രട്ടറിക്ക്.

പഞ്ചായത്തും സാമൂഹ്യ ക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ഗ്രാമവികസനവും ആസൂത്രണവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

നഗരകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.